## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 923 04/03/2020-ൽ മറുപടിക്ക്

### കരിയർ നയം രൂപീകരണം

**ചോദ്യം**
ശ്രീ.പി.കെ.ശശി
ശ്രീ.വി.ജോയി
ശ്രീ.പി.ടി.എ.റഹീം
ശ്രീ.കെ.ഡി.പ്രസേനൻ

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ നയങ്ങൾ കാരണം തൊഴിലില്ലായ്മ ഏറ്റവും ഉയർന്ന നിരക്കിലെത്തിയതായും തൊഴിൽ അവകാശ നിയമങ്ങൾ പൊളിച്ചെഴുതി കൊണ്ട് ചൂഷണത്തിന് അനുമതി നൽകുന്നതായും ആക്ഷേപമുയർന്നിരി-ക്കുന്ന സാഹചര്യത്തിൽ, അഭ്യസ്തവിദ്യ-രുടെയിടയിൽ വർദ്ധിച്ചുവരുന്ന തൊഴിലി-ല്ലായ്മ പരിഹരിക്കാൻ സംസ്ഥാനത്ത് കരിയർ നയം രൂപീകരിക്കുന്നതിന്റെ കരട് തയ്യാറായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | രാജ്യത്ത് ആദ്യമായി രൂപീകരിക്കുന്ന കരിയർ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാഴ്ചപ്പാട് എന്താണെന്ന് അറിയിക്കാമോ; | (ബി) | വികസ്വര രാഷ്ട്രങ്ങളിലെ കരിയർ മേഖലയുടെ പരിഷ്കരണത്തിനായി ഐ.എൽ.ഒ (ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ) തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാന-ത്തിൽ, കേരളത്തിലെ പ്രത്യേക സാഹചര്യ-ത്തിന് സഹായകരമായ നിലയിൽ ഒരു കരിയർ ഡെവലപ്പ്മെന്റ് സംവിധാനം രൂപപ്പെടുത്തി എടുക്കുക എന്നതാണ് കരിയർ നയത്തിന്റെ കാഴ്ചപ്പാട്. |

| | | | |
|---|---|---|---|
| (സി) | ഉയർന്ന ഫീസ് ഈടാക്കുന്ന സ്വകാര്യ കോച്ചിംഗ് സ്ഥാപനങ്ങൾ പാവപ്പെട്ടവർക്ക് അപ്രാപ്യമായിട്ടുള്ള സ്ഥിതിക്കു പരിഹാരമായി മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് സൗജന്യമായോ മിതമായ ഫീസിലോ ഉയർന്ന നിലവാരമുള്ള പരിശീലന പരിപാടികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ? | (സി) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ മത്സര പരീക്ഷകൾക്ക് സൗജന്യമായും മിതമായ ഫീസിലും ഉയർന്ന നിലവാരമുള്ള പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. കൂടാതെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന് കീഴിലുള്ള ജില്ലാ ആസ്ഥാനങ്ങൾ/യൂണിവേഴ്സിറ്റികളോടനുബന്ധിച്ചുള്ള 21 വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേന സംസ്ഥാന വ്യാപകമായി തികച്ചും സൗജന്യമായി ഉയർന്ന നിലവാരത്തിലുള്ള PSC/IBPS/UPSC തുടങ്ങിയ മത്സര പരീക്ഷാ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>പട്ടികജാതി/പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി യു.പി.എസ്.സി/കെ.പി.എസ്.സി/ സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ / റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്/പൊതുമേഖല ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന മത്സര പരീക്ഷകളിൽ മെച്ചപ്പെട്ട വിജയം നേടി കൊടുക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ കീഴിൽ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ഫോർ SC/ST എന്ന സ്ഥാപനങ്ങളിൽ സൗജന്യമായി പരിശീലനങ്ങൾ നടത്തി വരുന്നുണ്ട്.<br><br>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) നടപ്പിലാക്കി വരുന്ന കൈവല്യ പദ്ധതി പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സൗജന്യ മത്സര പരീക്ഷാ പരിശീലനം നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**